**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1807** — **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് കമ്പനി ഇപ്പോൾ പ്രതിമാസം എത്ര സർവീസുകൾ നടത്തുന്നുണ്ട്; ഇതിൽ നിന്നും ലഭിക്കുന്ന പ്രതിമാസ വരുമാനവും, ചെലവും സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.-സ്വീഫ്റ്റ് ന്റെ 116 ഡീസൽ ബസ്സുകളും, 40 ഇലക്ട്രിക് ബസ്സുകളും ഉപയോഗിച്ച് കെ.എസ്.ആർ.റ്റി.സി.യിൽ സർവ്വീസ് നടത്തുന്നുണ്ട്.<br><br>ധനകാര്യ വകുപ്പിന്റെ പ്രതിനിധി ഉൾപ്പെടുന്ന ഒരു സമിതിയെ നിയോഗിക്കുകയും, വിശദാംശങ്ങൾ പരിശോധിച്ചു ടി സമിതി സ്വിഫ്റ്റിന് നൽകേണ്ട വാടക നിർണയിക്കുന്നതിന് ചുമതലപ്പെടുത്തുകയും ആയതിന്റെ നടപടിക്രമങ്ങൾ പുരോഗമിയ്ക്കുകയും ചെയ്യുന്നു. അതിനു ശേഷം ഉടൻ തന്നെ സ്വിഫ്റ്റിന്റെ വരവ് ചെലവ് കണക്കുകൾ, പുനർനിശ്ചയിക്കപ്പെടുന്ന വാടക പ്രകാരം കണക്കാക്കി ആഡിറ്റിന് വിധേയമാക്കി സമർപ്പിയ്ക്കുന്നതാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി നടത്തിയിരുന്ന ദീർഘദൂര സർവീസുകൾ ഇപ്പോൾ സ്വിഫ്റ്റ് കമ്പനി നടത്തുന്നുണ്ട് എങ്കിൽ ഏതെല്ലാം സർവീസുകൾ ആണ് കെ.എസ്.ആർ.ടി.സി യിൽ നിന്നും മാറ്റി സ്വിഫ്റ്റ് കമ്പനിക്ക് നൽകിയത് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത സർവീസുകൾ സ്വിഫ്റ്റ് കമ്പനിക്ക് മാറ്റി നൽകിയത് മൂലം കെ.എസ്.ആർ.ടി.സി-ക്ക് ഉണ്ടായ വരുമാനനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | കെ.എസ്.ആർ.ടി.സി നടത്തുന്ന യാതൊരു ദീർഘ ദൂര സർവ്വീസുകളും കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിന് സർവ്വീസ് നടത്തുന്നതിനായി കൈമാറിയിട്ടില്ല.<br><br>കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ്-ൽ നിന്നും ബസ്സുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കി കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തി വരികയാണ്. ഇതിന്റെ വരുമാനം കെ.എസ്.ആർ.ടി.സി.യിൽ തന്നെയാണ് ഒടുക്കിവരുന്നത്. ഓരോ ബസ്സിനും നിശ്ചയിച്ചിട്ടുള്ള ലീസ് തുക മാത്രമാണ് കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിന് നൽകി വരുന്നത്. കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിൽ നിന്നും ബസ്സുകളും ക്രൂവും ലഭ്യമാക്കുന്നതിനാൽ ചെലവ് കുറയുകയും നഷ്ടം കുറയ്ക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാന നഷ്ടം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ